17-02-2022

THURSDAY

വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/02/2022

1. സാമൂഹ്യ മാധ്യമങ്ങളിലൂടെ തെറ്റിധാരണ പരത്തുന്ന വിധത്തിൽ ഹോമിയോ മരുന്നുകളുടെ വ്യാപക ഉപയോഗം കാർഷിക മേഖലയിൽ പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഹോമിയോ മരുന്ന് കാർഷിക വിളകളിൽ ഫലപ്രദമാണെന്ന് കാർഷിക സർവകലാശാലയോ കൃഷിവകുപ്പോ ശുപാർശ ചെയ്തിട്ടില്ല എന്ന വിവരം കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

2. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ www.sfackerala.org എന്ന വെബ്സൈറ്റ് വഴി സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800–425–1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം 2021-2022 ൽ ഡിജിറ്റൽ വീഡിയോ മത്സരത്തിന് (ടി.വി.ചാനൽ വിഭാഗം) എൻട്രികൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ വിഭാഗത്തിൽ കേരളത്തിലെ അംഗീകൃത ടി.വി.ചാനലുകളിൽ, 2020 - 2021 ൽ ജൈവകൃഷി എന്ന ആശയം ഉൾക്കൊണ്ട് സംപ്രേഷണം ചെയ്ത വീഡിയോയുടെ സംവിധായകരാണ് ഇതിനായി അപേക്ഷിക്കേണ്ടത്. സംപ്രേക്ഷണം ചെയ്ത ചാനലിന്റെ ലോഗോയും, വാട്ടർമാർക്കും, വീഡിയോയിൽ ഉണ്ടായിരിക്കണം, പ്രസ്തുത വീഡിയോ, സംപ്രേഷണം ചെയ്ത ദിവസവും ചാനലിൽ സംപ്രേഷണം ചെയ്തു എന്ന് ചാനൽ മേധാവിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കണം. കേരളത്തിനുള്ളിലുള്ള ലൊക്കേഷൻ ആയിരിക്കണം. ഒന്നാം സമ്മാനം 25,000/- രൂപയും, രണ്ടാം സമ്മാനം 20,000/- രൂപയും, മൂന്നാം സമ്മാനം 15,000/- രൂപയുമാണ്. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി നാളെയാണ് (ഫെബ്രുവരി 18). എൻട്രികൾ അയയ്ക്കേണ്ട വിലാസം : **എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം – 695003** എന്ന വിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2314358, 9383470289** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കുറ്റിച്ചൽ പഞ്ചായത്ത് നടപ്പിലാക്കുന്ന **ആട് വളർത്തൽ, കന്നുകുട്ടി പരിപാലനം, മുട്ടക്കോഴി വിതരണം, ധാതുലവണമിശ്രിതം** എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകളുമായി ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി കുറ്റിച്ചൽ മൃഗാശുപത്രിയിൽ അപേക്ഷ നൽകണമെന്ന് കുറ്റിച്ചൽ മൃഗാശുപത്രി വെറ്ററിനറി സർജൻ അറിയിച്ചു.

5. ഇന്ത്യൻ റബ്ബറിനെയും റബ്ബറുത്പന്നമേഖലയെയും വിപണികളിൽ പരിചയപ്പെടുത്തുന്നതിനും വ്യാപാരസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി റബ്ബർബോർഡ് കഴിഞ്ഞ ഒക്ടോബറിൽ ആരംഭിച്ച വെർച്വൽ ട്രേഡ് ഫെയറിന്റെ (വി.റ്റി.എഫ്.) രണ്ടാം സീസൺ 2022 ഏപ്രിൽ മാസത്തിൽ ആരംഭിക്കും. റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ പ്രോത്സാഹനം നൽകുന്നതിനായി ഒരുക്കിയിട്ടുള്ള ചെലവു കുറഞ്ഞ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് വി.റ്റി.എഫ്. മേളയിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ഉത്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്നതിലൂടെ വ്യാപാരസാധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും. ഉത്പന്നനിർമ്മാതാക്കൾക്കും കയറ്റുമതിക്കാർക്കും വെർച്വൽ ട്രെയ്ഡ് ഫെയർ പ്രയോജനപ്പെടുത്താം. https://vtf.rubberboard.org.in/rubberboard എന്നതാണ് വി.റ്റി.എഫ്.-ൽ പ്രവേശിക്കുന്നതിനുള്ള ലിങ്ക്. ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ട്രേഡ് ഫെയർ സേവനം രജിസ്റ്റർ ചെയ്ത് ഒരു വർഷക്കാലത്തേക്ക് ലഭ്യമായിരിക്കും. സ്റ്റാളുകൾ ബുക്കു ചെയ്യാൻ താൽപര്യമുള്ളവർക്ക് vtf2021@rubberboard.org.in എന്ന വിലാസത്തിൽ റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനുമായി ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

6. ഓർക്കിഡ് കൃഷി വ്യാപിപ്പിക്കുന്നതിലേക്കായി കേന്ദ്ര ജൈവസാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം നടപ്പിലാക്കുന്ന ഓർക്കിഡ് പുഷ്പക്കൃഷി പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പൂകൃഷിയിൽ ഏർപ്പെടാനുള്ള പരിശീലനത്തോടൊപ്പം സൗജന്യമായി ഓർക്കിഡ് തൈകളും ലഭ്യമാകും. www.jntbgri.res.in എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോ-ഓർഡിനേറ്റർ, പി.സി.സി, ജെ.എൻ.ടി.ബി.ജി.ആർ.ഐ, കരിമൺകോട്, പച്ച പാലോട്. 695562 എന്ന മേൽവിലാസത്തിൽ ഈ മാസം 25-ന് (ഫെബ്രുവരി 25) മുമ്പായി നേരിട്ടോ, തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതാണ്.

7. കൃഷി വിജ്ഞാന കേന്ദ്രം പെരുവണ്ണാമുഴിയിൽ വച്ച് ഈ മാസം 21 മുതൽ 23 വരെ (21/02/2022 മുതൽ 23/02/2022 വരെ) **ശാസ്ത്രീയ കറവപ്പശു പരിപാലനം** എന്ന വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 9.30 ന് പെരുവണ്ണാമുഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446890889, 0496-2966041** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

8. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 18,19 (ഫെബ്രുവരി 18,19) തീയതികളിൽ **ശുദ്ധമായ ക്ഷീരോല്പാദനം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേരെയായിരിക്കും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0471-2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം പി.ഒ, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ നാളെ (ഫെബ്രുവരി 18) രാവിലെ 11 മണി മുതൽ **കന്നുകുട്ടി പരിപാലനം - ക്ഷീരകർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ നാളെ (ഫെബ്രുവരി 18-ന്) രാവിലെ 10.30 മണിക്കു മുമ്പായി **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്ന കോഡുപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.